## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1804** **10.03.2020-ൽ മറുപടിയ്ക്ക്**

## പകർച്ച വ്യാധി വ്യാപനം തടയുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.എം. സ്വരാജ്**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിലേക്കായി എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നുവെന്ന് അറിയിക്കുമോ;

എ) പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിനായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ ഏകോപിപ്പിക്കുന്നുണ്ട്.

- "ആരോഗ്യ ജാഗ്രത" എന്ന പേരിൽ ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, വിദ്യാഭ്യാസ വകുപ്പ് തുടങ്ങി വിവിധവകുപ്പുകൾ സംയുക്തമായി ഈ പരിപാടി നടപ്പിലാക്കുന്നു.
- എല്ലാ മെഡിക്കൽ കോളേജിലും രോഗനിരീക്ഷണത്തിനും പ്രതിരോധത്തിനും ആയി Regional PEID CELL(Prevention of Epidemic and Infectious Diseases Cell)കൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന സാംക്രമിക രോഗ പ്രതിരോധ സെൽ(State PEID Cell) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നു.
- എല്ലാ ദിവസവും മെഡിക്കൽ കോളേജിലെ COMMUNICABLE DISEASES ബാധിക്കുന്ന രോഗികളുടെ pattern സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്.
- ഏതെങ്കിലും പ്രദേശത്ത് സാംക്രമികരോഗങ്ങൾ Cluster ചെയ്യുകയാണെങ്കിൽ അത് പ്രത്യേകമായി investigate ചെയ്യുകയും അതാത് ജില്ലാ

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്യും.<br>• എവിടെയെങ്കിലും പകർച്ച വ്യാധി സംക്രമണം നടക്കുന്നുണ്ടെങ്കിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് PEID CELL outbreak investigation നടത്തുകയും ചെയ്യുന്നു.<br>• മെഡിക്കൽ കോളേജിൽ പകർച്ചവ്യാധി സംബന്ധമായ ഗവേഷണം നടത്തുന്നുണ്ട്. ഉദാ:- ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് ഡെങ്കിപ്പനിയെ സംബന്ധിച്ച് "Govt. of Kerala – WHO Dengue Study" പൂർത്തിയായി വരുന്നു. Thiruvananthapuram Medical college, Community medicine വിഭാഗം Nodal centre ആയി Medicine, Paediatrics, Infectious Diseases, Microbiology, Rajiv Gandhi Centre for Biotechnology, DHS, Public Health Lab, Vector Control and Research Centre എന്നിവയുടെ പങ്കാളിത്തത്തോടുകൂടി പഠനം പൂർത്തിയാക്കുന്നു. ഡെങ്കിപ്പനിയുടെ പ്രതിരോധത്തിനും ഈ പഠനത്തിൽ ഊന്നൽ നൽകുന്നുണ്ട്. |
| **ബി)** | ഈ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | **ബി)** | ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" പരിപാടിയും ആരോഗ്യ വകുപ്പിന്റെ "ആർദ്രം ജനകീയ കാമ്പയിൻ", "ആരോഗ്യ ജാഗ്രതാ" പരിപാടികളും താഴെതട്ടിൽ വാർഡ്തല ആരോഗ്യ ശുചിത്വ സമിതികളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ സേനാംഗങ്ങളെ ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെയാണ് നടപ്പാക്കി വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളേയും, ശുചിത്വ മിഷൻ, |

ഹരിത കേരള മിഷൻ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ മുതലായവരുടേയും സഹകരണത്തോടെയാണ് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ആരോഗ്യ സേനാംഗങ്ങൾ, വീടുകൾ, ഫ്ലാറ്റുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ തുടങ്ങിയവ സന്ദർശിച്ച് മാലിന്യ നിർമ്മാർജ്ജനം, കൊതുകുറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ ജനങ്ങളെ കൂടി ബോധവത്കരിച്ച് അവരുടെ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്.

കൂടാതെ പകർച്ചവ്യാധി സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ, ആരോഗ്യ സന്ദേശയാത്ര, റാലികൾ, ആരോഗ്യ പ്രദർശനങ്ങൾ എന്നിവയിൽ മികച്ച പൊതുജനപങ്കാളിത്തം ഉറപ്പ വരുത്തുന്നുണ്ട്. വിദ്യാർത്ഥികൾക്കും ആവശ്യമായ അവബോധം നൽകി പ്രതിരോധത്തിലൂന്നിയുള്ള ജീവിത ശൈലി പ്രാവർത്തികമാക്കുന്ന തലമുറയെ സൃഷ്ടിക്കുവാനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

മലമ്പനി നിവാരണത്തിന്റെ ഭാഗമായ രോഗനിരീക്ഷണം, ശാക്തീകരിക്കൽ, സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കൽ, തുടർ നിരീക്ഷണം, രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സംയോജിത കൊതുക നിയന്ത്രണ പ്രവർത്തനങ്ങൾ, തദ്ദേശീയ മലമ്പനി ഉണ്ടായിട്ടുള്ള സ്ഥലങ്ങളിൽ വർഷത്തിൽ 2 തവണ വീടുകൾക്കുള്ളിൽ കീടനാശിനി തളിക്കൽ (ഐ.ആർ.എസ്), അതിഥി തൊഴിലാളികളുടെ രക്ത പരിശോധനയും ചികിത്സയും തുടങ്ങിയവ ഉൾപ്പെടുന്ന കർമ്മ പരിപാടികൾ പൊതുജനസഹകരണത്തോടെയാണ് നടത്തി വരുന്നത്.

മന്ത്ര രോഗ നിവാരണത്തിന്റെ ഭാഗമായി മൂന്ന ഘട്ടങ്ങളിൽ മന്ത്രരോഗാണു വ്യാപന സാധ്യതാ സർവ്വേ (ടാസ്) നടത്തി വരുന്നു. കുഷ്ഠരോഗ നിവാരണവുമായി ബന്ധപ്പെട്ട് അശ്വമേധ കാമ്പയിനിലൂടെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളിൽ സ്ക്രീനിംഗ് നടത്തി

രോഗബാധിതരെ കണ്ടെത്തി ചികിത്സ നൽകി വരുന്നു.

ക്ഷയരോഗ നിവാരണത്തിന്റെ ഭാഗമായി രോഗനിരീക്ഷണം കാര്യക്ഷമമാക്കിയതു കൂടാതെ ജ്വാല വിപ്ലവം, കഫ് കോർണർ, സ്വകാര്യ മേഖലയിൽ ക്ഷയരോഗ നിവാരണത്തിനുള്ള സ്റ്റെപ്സ്, തദ്ദേശസ്ഥാപന തലത്തിലുള്ള ബോധവത്കരണം തുടങ്ങിയ പരിപാടികളും പൊതുജന സഹകരണത്തോടെ ഊർജിതമായി നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**